# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.02.2025**

### പ്രധാനവാർത്തകൾ

1) **ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ വ്യാപാരം, സാങ്കേതികവിദ്യ, ഹരിത വളർച്ച, സുരക്ഷ തുടങ്ങിയവയിൽ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ധാരണയായതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**

2) **കേരള പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഓൺലൈനായി നിർവഹിക്കും.**

3) **കോഴിക്കോട് ജില്ലയിലെ വിലങ്ങാട് പ്രകൃതി ദുരന്തബാധിത വില്ലേജുകളിലെ വായ്പ്പകൾക്ക് മൊറട്ടോറിയം അനുവദിച്ച് സംസ്ഥാന സർക്കാർ.**

4). **പണപ്പിരിവുണ്ടായെന്ന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ശബരിമലയിലെ പുണ്യം പൂങ്കാവനം പദ്ധതി അവസാനിപ്പിക്കാൻ ഹൈക്കോടതി ഉത്തരവ്.**

5). **രഞ്ജി ട്രോഫി ഫൈനലിൽ കേരളം പ്രതിരോധത്തിൽ; വിദർഭയ്ക്ക് 37 റൺസിന്റെ ഒന്നാം ഇന്നിങ്സ് ലീഡ്.**

******************************************

PNUTVPM

**<u>പ്രധാനമന്ത്രി ഇന്ത്യ യൂറോപ്പ് - (ഇൻട്രോ)</u>**

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ വ്യാപാരം, സാങ്കേതികവിദ്യ, ഹരിത വളർച്ച, സുരക്ഷ തുടങ്ങിയവയിൽ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ധാരണയായതായി പ്രധാനമന്ത്രി നരേന്ദ്രമോദി. യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നുമായി ന്യൂഡൽഹിയിൽ നടത്തിയ പ്രതിനിധി തല ചർച്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അക്കാദമിക, ഗവേഷണ, വ്യവസായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ഇരു രാജ്യങ്ങളും തമ്മിൽ പുതുക്കിയ കരാർ ഉണ്ടാക്കിയതായും ശ്രീ മോദി പറഞ്ഞു.

**(ഹോൾഡ് ഫോർ ബൈറ്റ്...................... )**

യൂറോപ്യൻ യൂണിയൻറെ പുതിയ വിസ നടപടി ക്രമങ്ങൾ സ്വാഗതം ചെയ്യുന്നതായും ഇതിലൂടെ ഇന്ത്യയിലെ യുവജനങ്ങൾക്ക് പുതിയ അവസരം ലഭിക്കുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

RNUTVPM

******************************************

**<u>പോലീസ് കെട്ടിടങ്ങൾ ഉദ്ഘാടനം</u>**

കേരള പൊലീസിൻറെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഓൺലൈനായി നിർവഹിക്കും. പൊലീസ് മന്ദിരങ്ങളുടെയും പോലീസ് സേവനങ്ങളെ സംബന്ധിച്ചു പൊതുജനങ്ങൾക്ക് അഭിപ്രായം അറിയിക്കുന്നതിനുള്ള പരാതിപരിഹാര സംവിധാനത്തിൻറെയും ഉദ്ഘാടനം നാളെ നടക്കും.

തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും.

****************************************

**<u>വെയിൽസ് ക്യാബിനറ്റ് സെക്രട്ടറി</u>**

വെയിൽസ് ആരോഗ്യ വകുപ്പ് കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് ആരോഗ്യ മന്ത്രി വീണാ ജോർജുമായി ചർച്ച നടത്തി. ആരോഗ്യ രംഗത്ത് കേരളവുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്നും കേരളത്തിൽ നിന്ന് കൂടുതൽ ആരോഗ്യ പ്രവർത്തകരെ വെയിൽസിലേക്ക് റിക്രൂട്ട് ചെയ്യുമെന്നും ജെറമി മൈൽസ് പറഞ്ഞു. സംസ്ഥാനത്തെ ജനകീയ കാൻസർ രോഗനിർണയ ക്യാമ്പയിനെ വെയിൽസ് കാബിനറ്റ് സെക്രട്ടറി അഭിനന്ദിച്ചു. ആരോഗ്യ രംഗത്ത് കേരളം നൂതനവും ജനക്ഷേമകരവുമായ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

****************************************

**<u>കെ കൃഷ്ണൻകുട്ടി</u>**

2025 ൽ മുൻവർഷത്തേക്കാൾ ഉയർന്ന വൈദ്യുതി ഉപഭോഗ സാധ്യത പ്രതീക്ഷിക്കുന്നതായി വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി. അമ്പലപ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ, സബ് ഡിവിഷൻ ഓഫീസുകൾക്കായി പുതുതായി നിർമ്മിച്ച മന്ദിരത്തിൻറെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കഴിയുന്നത്ര വൈദ്യുതി എത്തിക്കാൻ ശ്രമിക്കുമെന്നും പഞ്ചാബുമായും യു.പിയുമായും ധാരണയായതായും മന്ത്രി പറഞ്ഞു. അറ്റകുറ്റ പണികളുടെ പേരിൽ തുടർച്ചയായി വൈദ്യുതി മുടക്കം ഉണ്ടാകാതിരിക്കാൻ KSEB ജ്ജീവനക്കാർ ശ്രദ്ധിക്കണമെന്നും മന്ത്രി നിർദേശിച്ചു.

PNU TVPM

****************************************

**<u>കെ രാജൻ + വയനാട്</u>**

വയനാട് ഉരുൾപൊട്ടൽ മേഖലയിലെ പുനരധിവാസം വൈകുന്നതിൽ പ്രതിഷേധം ശക്തം. ഇന്ന് യു.ഡി.എഫ് പ്രവർത്തകർ വയനാട് കളക്ടറേറ്റ് ഉപരോധിച്ചു. അതേസമയം, പുനരധിവാസം സംബന്ധിച്ച് ആശങ്ക വേണ്ടെന്നും നടപടികൾ ഈ സാമ്പത്തിക വർഷം തന്നെയുണ്ടാകുമെന്നും മന്ത്രി കെ രാജൻ അറിയിച്ചു.

****************************************

**<u>മൊറട്ടോറിയം അനുവദിച്ചു</u>**

കോഴിക്കോട് ജില്ലയിലെ വിലങ്ങാട് പ്രകൃതി ദുരന്തബാധിത വില്ലേജുകളിലെ വായ്പ്പകൾക്ക് മൊറട്ടോറിയം അനുവദിച്ചു. വിവിധ സർക്കാർ കുടിശ്ശികകളിൻ മേലുള്ള എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും മൊറൊട്ടോറിയം അനുവദിക്കാൻ സർക്കാർ തീരുമാനിച്ചു. വിലങ്ങാട്, നരിപ്പറ്റ, തൂണേരി, വളയം, ചെക്കിയാട്, തിനൂർ, എടച്ചേരി, വാണിമേൽ, നാദാപുരം എന്നീ വില്ലേജുകളിലെ റവന്യൂ റിക്കവറി കുടിശ്ശികകൾക്കാണ് മൊറട്ടോറിയം ബാധകമാവുക.

****************************************

**<u>പുണ്യം പൂങ്കാവനം ഹൈക്കോടതി</u>**

ശബരിമലയിലെ പുണ്യം പൂങ്കാവനം പദ്ധതി അവസാനിപ്പിക്കാൻ ഹൈക്കോടതി ഉത്തരവ്. പദ്ധതിയുടെ പേരിൽ പണം പിരിച്ചെന്ന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. എഡിജിപി എം ആർ അജിത് കുമാറാണ് മുദ്രവച്ച കവറിൽ റിപ്പോർട്ട് സമർപ്പിച്ചത്. പദ്ധതിയുടെ പേരിൽ ഭക്തർ വഞ്ചിക്കപ്പെടരുതെന്നും ഇതു സംബന്ധിച്ച് ദേവസ്വം ബോർഡ് പ്രചാരണം നടത്തണമെന്നും കോടതി നിർദേശം നൽകി. കോടതി

PINU TVPM

സ്വമേധയാ എടുത്ത കേസിലാണ് നടപടി. അതിനിടെ, സന്നിധാനവും പരിസരപ്രദേശങ്ങളും ശുചിയാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റെ നേതൃത്വത്തിൽ പുണ്യം പൂങ്കാവനം പദ്ധതിക്ക് ബദലായി പവിത്രം ശബരിമല എന്ന പദ്ധതി ആവിഷ്കരിച്ചു നടത്തി വരികയാണ്.

****************************************

**സജി ചെറിയാൻ**

സിനിമാരംഗത്ത് പ്രവർത്തിക്കുന്നവരുടെ സുരക്ഷിതത്വം, അധ്വാനത്തിനനുസരിച്ചുള്ള പ്രതിഫലം, തൊഴിൽ ലഭ്യത, പ്രോത്സാഹനം എന്നിവ ഉറപ്പാക്കാൻ സർക്കാർ മുൻകൈയെടുക്കുമെന്ന് മന്ത്രി സജി ചെറിയാൻ. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻറെ പ്രതിച്ഛായ മാറ്റാനുള്ള നിരവധി പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുക യാണെന്നും മന്ത്രി പറഞ്ഞു. സിനിമയുടെ സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി പരിശീലന പരിപാടികൾക്കുള്ള നടപടികൾ ചലച്ചിത്ര അക്കാദമി ആരംഭിച്ചതായും മന്ത്രി പറഞ്ഞു.

****************************************

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

****************************************

**സംയുക്ത സൈനിക മേധാവി**

സംയുക്ത സൈനിക മേധാവി, ജനറൽ അനിൽ ചൗഹാൻ ദക്ഷിണ വ്യോമസേനാ ആസ്ഥാനം സന്ദർശിച്ചു. 'ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ വ്യോമ-നാവിക സേനയുടെ പോരാട്ട വീര്യം വർദ്ധിപ്പിക്കുക' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ അദ്ദേഹം പങ്കെടുത്തു. നിലവിലെ ആഗോള

RNU TVPM

സാഹചര്യത്തിൽ തയ്യാറെടുപ്പിന്റെയും ജാഗ്രതയുടെയും ആവശ്യകതയെക്കുറിച്ച് പറഞ്ഞ ജനറൽ അനിൽ ചൗഹാൻ ദേശീയ താത്പര്യം സംരക്ഷിക്കുന്നതിന്, ഇന്ത്യൻ വ്യോമസേനയും ഇന്ത്യൻ നാവികസേനയും തമ്മിലുള്ള സമന്വയ പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടത് പ്രധാനമാണെന്നും അഭിപ്രായപ്പെട്ടു.

*****************************************

**കോട്ടയം നഴ്സിങ് കോളേജ്- വിധി**

കോട്ടയം ഗാന്ധിനഗർ ഗവൺമെന്റ് നഴ്സിംങ് കോളേജിലെ റാഗിംങ് കേസിൽ പ്രതികളായ വിദ്യാർത്ഥികളുടെ ജാമ്യപേക്ഷയിൽ നാളെ വിധി പറയും. കോട്ടയം ജില്ലാ സെഷൻസ് കോടതിയാണ് പ്രതികളായ സാമുവൽ, ജീവ, റിജിൽ ജിത്ത്, രാഹുൽ രാജ്, വിവേക് എന്നിവരുടെ ജാമ്യാപേക്ഷ പരിഗണിച്ചത്. നഴ്സിംങ് കോളേജിലെ ഒന്നാം വർഷ വിദ്യാർഥികളെ മൂന്നാം വർഷ വിദ്യാർഥികൾ മൂന്ന് മാസത്തോളം ക്രൂരമായി റാഗ് ചെയ്യെന്നാണ് പരാതി.

RNU TVPM

*****************************************

**കോഴിക്കോട് വിദ്യാർത്ഥി സംഘർഷം**

കോഴിക്കോട് താമരശ്ശേരിയിൽ സ്കൂൾ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ അഞ്ചു വിദ്യാർഥികളെ പോലീസ് കസ്റ്റഡിലെടുത്തു. ഗുരുതരമായി പരിക്കേറ്റ ഒരു വിദ്യാർത്ഥി ചികിത്സയിലാണ്. സംഭവത്തിൽ താമരശ്ശേരി പോലീസ് അന്വേഷണം തുടരുകയാണ്.

*****************************************

**വെഞ്ഞാറമൂട് കൊലക്കേസ്**

വെഞ്ഞാറമൂട് കൂട്ടക്കൊലപാതകക്കേസിൽ പൊലീസ് അന്വേഷണം തുടരുന്നു. പ്രതി അഫാന്റെ മാതാവ് ഷെമീനയുടെ മൊഴി നെടുമങ്ങാട് മജിസ്ട്രേറ്റ് രേഖപ്പെടുത്തി. വെഞ്ഞാറമൂട് സ്വകാര്യ ആശുപത്രിയിൽ നേരിട്ട് എത്തിയാണ് മജിസ്ട്രേറ്റ് മൊഴിയെടുത്തത്.

*****************************************

**ജോർജ് കുര്യൻ കണ്ണൂർ - (ഇൻട്രോ)**

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഇൻറഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തലശ്ശേരിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. തീരദേശ മത്സ്യ ഗ്രാമങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സമഗ്ര പുരോഗതിയാണ് ലക്ഷ്യം.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ....**
**(വോയിസ്.................)**

*****************************************

**രഞ്ജി ട്രോഫി**

രഞ്ജി ട്രോഫി ഫൈനലിൽ മൂന്നാം ദിനം കളി അവസാനിപ്പി ക്കുമ്പോൾ കേരളത്തിനെതിരെ വിദർഭയ്ക്ക് 37 റൺസിന്റെ ഒന്നാം ഇന്നിങ്സ് ലീഡ്. വിദർഭയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 379 റൺസ് പിന്തുടർന്ന കേരളത്തിന് 342 റൺസെടുക്കുന്ന തിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. 98 റൺസെടുത്ത സച്ചിൻ ബേബിയുടെയും 79 റൺസെടുത്ത ആദിത്യ സർവാതെയുമാണ് കേരളത്തിന്റെ സ്കോർ 300 കടത്തിയത്.

*****************************************

RNUTVPM

**<u>ഐ.എസ്.എൽ</u>**

ISL ഫുട്ബോളിൽ ഇന്ന് ഒഡീഷ FC – മുഹമ്മദൻ SC യെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലെ കലിങ്കാ സ്റ്റേഡിയത്തിലാണ് മത്സരം.

*********************************************

**<u>ഹക്കീം കൂട്ടായി - (ഇൻട്രോ)</u>**

27 വർഷത്തെ സേവനത്തിന് ശേഷം ആകാശവാണി വാർത്താ അവതാരകൻ ഹക്കീം കൂട്ടായി ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചു. 1997 നവംബറിൽ ഡൽഹി ന്യൂസ് സർവീസസ് ഡിവിഷണിൽ മലയാളം വാർത്താ അവതാരകനായാണ് സേവനം ആരംഭിച്ചത്. ശ്രീ.ഹക്കിം കൂട്ടായിയുടെ വാക്കുകളിലേക്ക്..........

**(വോയ്സ്...............)**

RNUTVPM

*********************************************

************************************

****************